# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . v
മുഖവുര . . . ix
‘സായാഹ്ന’ പതിപ്പിന്റെ പ്രത്യേകതകൾ . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . 17
 1 അനുനാസികാതിപ്രസരം: . . . 31
 2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . 32
 3 സ്വരസംവരണം: . . . 32
 4 പുരുഷഭേദനിരാസം: . . . 34
 5 ഖിലോപസംഗ്രഹം: . . . 37
 6 അംഗഭംഗം: . . . 39
2 ഘട്ടവിഭാഗം . . . 53
 1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . 62
 2 മധ്യഘട്ടം — മണിപ്രവാളരീതി . . . 63
 3 ആധുനികഘട്ടം . . . 64
3 അക്ഷരമാല . . . 67
4 വർണ്ണവികാരങ്ങൾ . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . 99
 1 ലോപസന്ധി . . . 100
 2 ആഗമസന്ധി . . . 103
 3 ദ്വിത്വസന്ധി . . . 107
 4 ആദേശസന്ധി . . . 113
2 ശബ്ദവിഭാഗം . . . 119
 1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . 135
2 വചനപ്രകരണം . . . 145
3 വിഭക്തിപ്രകരണം . . . 157
 1 നാമരൂപാവലി . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . 171
 1 ഇനി ഇരട്ടിപ്പ് . . . 173
5 കാരകപ്രകരണം . . . 177
6 തദ്ധിതപ്രകരണം . . . 189
 1 തന്മാത്രപ്രത്യയങ്ങൾ . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . 197
 1 പ്രാരംഭം . . . 197
 2 പ്രകൃതി . . . 197
 3 സ്വഭാവം . . . 198
2 കാലപ്രകരണം . . . 199
 1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . 205
 2 കാലപ്രത്യയങ്ങളുടെ ആഗമം . . . 220
3 പ്രകാരപ്രകരണം . . . 223
4 പ്രയോഗപ്രകരണം . . . 231
5 പ്രയോജകപ്രകൃതി . . . 233
6 നാമധാതുപ്രകരണം . . . 241
7 ഖിലധാതുക്കൾ . . . 245
8 അനുപ്രയോഗം . . . 247
 1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . 251
 2 രണ്ടാം വക; കാലാനുപ്രയോഗം . . . 255
 3 മൂന്നാംവക, പൂരണാനുപ്രയോഗം . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . 271
1 പേരെച്ചം . . . . . . . . . . . . . . . 275
2 വിനയെച്ചം . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
1 പദക്രമം . . . . . . . . . . . . . . . . 320
2 പൊരുത്തം . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . . 361

# 3

## ശബ്ദോൽപ്പത്തി

വ്യാകരണം ഭാഷയുടെ ഉപയോഗത്തെ വ്യവസ്ഥപ്പെടുത്തുന്ന ശാസ്ത്രമാണല്ലോ. ഭാഷ എന്നാൽ മനോവൃത്തികളെ വെളിപ്പെടുത്തുവാനുള്ള ഉപായം. മനോവൃത്തികൾ പ്രപഞ്ചത്തെക്കുറിച്ചു പ്രവർത്തിക്കുന്നു. പ്രപഞ്ചം ദ്രവ്യം, ക്രിയ, ഗുണം — ഈ മൂന്നു തത്ത്വങ്ങളെക്കൊണ്ടു ചമച്ചതെന്നു സമർത്ഥിക്കാം.

ഏതെങ്കിലും ഒരു ചിത്തവൃത്തിയെ ഒറ്റതിരിച്ചു കാണിക്കുന്നത് ഒരു വാക്യം. ഒരു വാക്യത്തെ കെട്ടുതൽ വരാത്ത വിധത്തിൽ അഴിച്ചാൽ (അപോദ്ധരിച്ചാൽ) കയറിൽനിന്നു ചകിരിനാരെന്നപോലെ പദങ്ങൾ കിട്ടുന്നു. അതിനാൽ ഭാഷയുടെ നാരായവേർ പദമാകുന്നു.

പ്രപഞ്ചം ദ്രവ്യക്രിയാഗുണാത്മകമെന്നു മുൻപറഞ്ഞുവച്ചതിനെ കൂട്ടിച്ചേർത്ത് ആലോചിക്കുമ്പോൾ പദത്തിന്റെ പൊരുളാകേണ്ടത് ഈ ദ്രവ്യക്രിയാഗുണങ്ങൾ മൂന്നിൽ ഒന്നാണെന്നു ബോധപ്പെടും. എന്നാൽ മുൻകാണിച്ച ദൃഷ്ടാന്തത്തിലെ ചകിരിനാരിനെ വേദാന്തികൾ പഞ്ചഭൂതാത്മകമെന്നും, രസതന്ത്രക്കാർ ചില ലോഹങ്ങളുടെയും അലോഹങ്ങളുടെയും പരിണാമമെന്നും വിഭജിക്കുംപോലെ നൈരുക്തന്മാർ, ബാലന്മാർക്ക് ശബ്ദസ്വഭാവത്തിൽ വ്യുൽപ്പത്തി വരുത്താൻവേണ്ടി, പദങ്ങൾക്കും മൂലമായി പ്രകൃതി എന്നൊന്നിനെ കല്പിക്കുന്നു. ദ്രവ്യക്രിയാഗുണങ്ങൾ എന്ന അർത്ഥങ്ങളെയും ഈ പ്രകൃതികളിലാണു സമർപ്പിക്കുന്നത്. അതിനാൽ ദ്രവ്യം, ക്രിയ, ഗുണം, എന്ന മൂന്നു തത്ത്വങ്ങൾക്കെതിരായി ഭാഷയിൽ ക്രമേണ സത്ത്വം, ധാതു, ധർമ്മി എന്നു മൂന്നു പ്രകൃതികൾ ഉളവാകുന്നു. ഈ പ്രകൃതികളിൽനിന്നു പിന്നീടു മുറയ്ക്കു നാമം, കൃതി, ഭേദകം എന്ന പദങ്ങൾ ജനിക്കുന്നു. അതിനാൽ നാമാദിപദങ്ങളുടെ ഉൽപ്പത്തി താഴെ വിവരിക്കുന്ന വംശാവലിപ്രകാരം ആകുന്നു.

പദാർത്ഥങ്ങൾക്കും പദപ്രകൃതികൾക്കും ഇങ്ങനെ പ്രത്യേകം പേരേർപ്പെടുത്തിയതു വായനക്കാർക്കു ഭ്രമത്തിന് ഇടകൊടുക്കാതിരിക്കാൻവേണ്ടിയാകുന്നു. ഗ്രന്ഥാരംഭത്തിൽ ചെയ്തിട്ടുള്ള പദവിഭാഗത്തിൽ നിപാതം എന്നൊരിനംകൂടി സ്വീകരിച്ചിട്ടുള്ളതിനെ നിരുക്തദൃഷ്ട്യാ നോക്കുമ്പോൾ വകവയ്ക്കേണ്ടതില്ല. ഇവ തനിയേ നിന്നാൽ ഒരർത്ഥത്തെയും കുറിപ്പാൻ




അശക്തങ്ങളാകയാൽ അവയെ പ്രത്യയങ്ങളുടെ ശേഖരത്തിൽ ഗണിപ്പാനുള്ളതേ ഉള്ളു. പ്രത്യയം പ്രകൃതിയിൽ ചേരുന്നു; നിപാതം വികൃതിയിൽ (പദത്തിൽ) ചേരുന്നു എന്നു മാത്രം ഭേദം. ഇതിനാൽത്തന്നെയാണ് ഇവയ്ക്ക് ദ്യോതകം എന്നും, നാമാദികൾക്ക് വാചകം എന്നും പേർ ലഭിച്ചത്. സർവ്വനാമം നാമത്തിന്റെ വകഭേദം എന്നേ ഉള്ളൂ. അവ്യയമോ നാമാദികളിൽനിന്ന് ഉളവാകുന്നതെന്നു പ്രത്യക്ഷമാകുന്നു. അതിനാൽ പദപ്രകൃതികൾ സത്ത്വ — ധാതു — ധർമ്മികളെന്നു സ്ഥാപിച്ചതു ശരിതന്നെ എന്ന് എളുപ്പത്തിൽ ബോധപ്പെടും. സ്വല്പം ബലാല്ക്കാരംചെയ്താൽ ഇവയിലും ധർമ്മി എന്ന മൂന്നാമിനത്തെ ധാതു എന്ന രണ്ടാമിനത്തിന്റെ ഉള്ളിൽ തള്ളിക്കയറ്റാം. ഭേദകങ്ങൾക്കു സ്വതന്ത്രപ്രയോഗം ചുരുങ്ങിപ്പോയതും ധാതുക്കളെപ്പോലെ ഉള്ള രൂപനിഷ്പത്തിയും (ഉദാ: നല്, നല്ല) ആണ് ഈ സാഹസത്തിൽ നമ്മെ സഹായിക്കുന്നത്. സംസ്കൃതനിരുക്തകാരന്മാരാകട്ടെ, ഒരുപടികൂടെ മുൻപെട്ടു കടന്നു നാമത്തെക്കൂടി ധാതുക്കളിൽനിന്നു ജനിച്ചവയെന്നു വാദിച്ചു ധാതുവെന്ന ഇനത്തെത്തന്നെ സംസ്കൃതത്തിലെ സകല ശബ്ദങ്ങൾക്കും മൂലപ്രകൃതിയെന്നു ശാഠ്യംപിടിക്കുന്നു. എന്നാൽ ശാകടായനാദികളുടെ ഈ ശാഠ്യം ഭ്രമമൂലകമെന്നു ശാകപൂർണ്ണി മുതൽപേർ അന്നുതന്നെ എതിർവാദവും ബലമായി പുറപ്പെടുവിച്ചിട്ടുണ്ട്. ലൗകികവിഷയങ്ങളിൽ ഈ വിധം അദ്വൈതസിദ്ധാന്തം സ്ഥാപിപ്പാൻ പുറപ്പെടുന്നതു മഹാക്ലേശവും മുരട്ടുവാദവും ആകുന്നുവെന്നു യാസ്കനിരുക്തം, ഉണാദിസൂത്രം മുതലായ ഗ്രന്ഥങ്ങളിൽനിന്നു നമുക്കു സ്പഷ്ടമാകുന്നു. മഹാനായ പാണിനിക്ക് ഈ ദുർവ്വാദം അഭിമതമല്ലായിരുന്നു എന്നതിലേക്ക് "ഉണാദയോ ബഹുലം" എന്ന സൂത്രം മുതലായി അനേകം ലക്ഷ്യങ്ങളുണ്ട്. ഈ അപ്രകൃതം ഇങ്ങനെ ഇവിടെ നില്ക്കട്ടെ.

പ്രകൃതത്തിൽ മലയാളത്തിലെ പദങ്ങൾ ഒട്ടുക്കു സത്ത്വം, ധാതു, ധർമ്മി എന്ന ഈ മൂന്നു വേരുകളിൽനിന്നു മുളച്ചുണ്ടായവയെന്നു പ്രതിപാദിച്ചുവല്ലോ. ഇവയിൽ ഭേദകങ്ങളുടെ വേരായ ധർമ്മി എന്ന പ്രകൃതി വളരെ ചുരുങ്ങും. സത്ത്വം അതിൽ കൂടും. ധാതുക്കളാണ് എണ്ണത്തിൽ അധികം. ധാതുക്കളുടെ സ്വഭാവം കാണിക്കാൻവേണ്ടി അതുകളിൽ പ്രധാനങ്ങളായ ഏതാനും എണ്ണങ്ങളെ പരിശിഷ്ടത്തിൽ ചേർത്തിട്ടുണ്ട്. സത്ത്വങ്ങൾക്ക് ഇവയെപ്പോലെ പ്രകൃതിഭേദംകൊണ്ട് രൂപഭേദം ഇല്ല. ധാതുപാഠം ഇങ്ങനെ ക്രിയാപദങ്ങളുടെ നിഷ്പത്തിക്ക് ഉപപത്തിയുണ്ടാക്കണം എന്നുള്ള ഉദ്ദേശ്യത്തിൻപേരിൽ ചമച്ചിട്ടുള്ളതാകയാൽ അതിൽ എല്ലാ ധാതുക്കളുടെയും സ്വരൂ

പംതന്നെ നിരുക്തദൃഷ്ട്യാ അത്ര ശരിയായിരിക്കുമെന്നു ഞാൻ ഉറപ്പുപറയുന്നില്ല. എന്നാൽ പാണിനിയുടെ മഹാപ്രസിദ്ധമായ ധാതുപാഠവും ഈ ദോഷത്താൽ അസ്പൃഷ്ടമല്ലെന്നു സൂക്ഷ്മങ്ങളായ ശബ്ദാനുശാസനരഹസ്യങ്ങൾ ഗ്രഹിച്ചിട്ടുള്ളവർ സമ്മതിക്കുകതന്നെ ചെയ്യും.

എണ്ണത്തിൽ ചുരുങ്ങുന്നതും ധാതുവിൽ ഉൾപ്പെടുത്താവുന്നതും ആയ ധർമ്മി എന്ന ഇനത്തെ വകവയ്ക്കാതെ നോക്കുന്നപക്ഷം പ്രകൃതികൾ സത്ത്വം എന്നും, ധാതു എന്നും രണ്ടേ ഉള്ളല്ലോ. ചിലേടത്തു് ഒരു പ്രകൃതി സത്ത്വമോ ധാതുവോ എന്നു നിശ്ചയിപ്പാൻ കഴിയുന്നതല്ലെന്നു വരും. എങ്ങനെ:

1. ചൊല്: സത്ത്വം — ചൊല്ലിന്റെ പൊരുൾ, പഴഞ്ചൊല്ലു്. ധാതു — ചൊല്ലുന്നു.
2. നട: സത്ത്വം — നടയുടെ വേഗം, അന്നത്തിന്റെ നട. ധാതു — നടക്കുന്നു.
3. കളി: സത്ത്വം — കളിയുടെ രസം, പലകളികൾ ധാതു — കളിക്കുന്നു.

188. മൂലപ്രകൃതിയിൽ സാരം
ബീജമക്ഷരമൊന്നുതാൻ
വിവർത്തനപ്രക്രിയയാ-
ലതു പിന്നൂതിവീർത്തിടും.

മൂലഭൂതമായ പ്രകൃതി സത്ത്വമായാലും ധാതുവായാലും ആദ്യത്തിൽ ഏകാക്ഷരമായിരിക്കണം എന്നാണു് ഊഹം. എന്നാൽ ഇപ്പോൾ പ്രകൃതിയായി കാണുന്ന സത്ത്വങ്ങളും ധാതുക്കളും ഊതിവീർത്തു് അനേകാക്ഷരങ്ങളായിത്തീർന്നിട്ടുണ്ടു്. വീർക്കാനുള്ള കാരണം വിവർത്തനപ്രക്രിയയാകുന്നു. അതിന്റെ സ്വഭാവം അടുത്തു തന്നെ വിവരിക്കാം. ഉദാ:

സത്ത്വം: കൈ, തീ, കാൽ, കൽ, നെൽ, മൺ, ഉൽ, നേർ.
ധാതു: ആ, ചീ, തു, തേ, പോ, അറ്, വീട്, പുക്, ഉണ്.

ഈ ഊഹത്തിനുള്ള അടിസ്ഥാനമെന്തെന്നു ചുരുക്കത്തിലെങ്കിലും പ്രസ്താവിക്കണമല്ലോ.

ഒന്നാമതു് — പണ്ടുണ്ടായിരുന്ന ഏകമാത്രകധാതുക്കളിൽ മിക്കതും ഇപ്പോൾ ഖിലങ്ങളായിത്തീർന്നിരിക്കുന്നു. എൻ, ഉൾ, ഇൽ, അൽ, വേൺ, തക്, മിക് ഇത്യാദികൾ നോക്കുക. എൻ — എന്നു, എന്ന; ഉൾ — ഉണ്ടു്, ഉള്ളു; ഇൽ — ഇല്ല; അൽ — അല്ല; വേൺ — വേണ്ടും, വേണ്ടി; തക് — തക്ക; മിക് — മിക്ക ഇങ്ങനെ ഏതാനും രൂപങ്ങൾ മാത്രമേ ഇതുകൾക്കു നടപ്പുള്ളു. ഇതിൽ എൻ മുതലായ ചില ധാതുക്കൾ അവ്യയങ്ങളായിപ്പോയി; ചിലതിനു് അനുപ്രയോഗമായിട്ടേ പ്രചാരമുള്ളൂ; തക്, മിക് മുതലായവയ്ക്കു മുറ്റുവിനയിൽ പ്രയോഗമേയില്ല. ഖിലമാകാതെ നടപ്പിൽ ത്തന്നെ ഇരിപ്പുള്ളവയിൽ മിക്കതും മാത്രയോ വർണ്ണമോ അക്ഷരമോ ചേർന്നു നീണ്ടിരിക്കുന്നു. പുക് — പുക്കു്. ഇതിപ്പോൾ സ്വരം ദീർഘിച്ചു പൂക് എന്നായിട്ടു പൂകുന്നു. പൂകി, പൂകും, എന്ന മട്ടിൽ എല്ലാ രൂപങ്ങളിലും നടക്കുന്നു. മീതു, മീതേ, മീത്തു, മീത്തൽ എന്ന പദങ്ങളിൽ മാത്രം ശേഷിച്ചിരിക്കുന്നതും ഉപരി എന്നർത്ഥമുള്ളതുമായ മീ എന്ന പ്രകൃതിക്കു് ഇപ്പോൾ മികക്കുന്നു, മികത്തു, മികക്കും എന്നോ, മികയ്ക്കുന്നു, മികച്ചു, മികയ്ക്കും എന്നോ നീണ്ടിട്ടുള്ള വേഷത്തിലാണു പ്രചാരം. “മിഞ്ചുക” എന്ന രൂപവും ഇതിന്റെതന്നെ വേഷഭേദമായിരിക്കണമെന്നു തോന്നുന്നു. കുഴി, കുഴൽ, കുഴങ്ങുക, കുണ്ടു്, കുളം, കുളി, കുണ്ടൻ ഇത്യാദി പദങ്ങളെ സൂക്ഷിച്ചുനോക്കുമ്പോൾ കുൾ

എന്നോ കൺ എന്നോ ഒരു പ്രകൃതി ഉണ്ടായിരിക്കണം എന്നും അതിന്റെ വകഭേദങ്ങളാണിതെല്ലാം എന്നും സ്പഷ്ടമാകുന്നു. ഒടുങ്ങുക എന്നതിന്റെ ക്രിയാനാമം ആയിട്ട് നാം “ഒടുവ്” എന്നു പ്രയോഗിക്കാറുണ്ട്. ഇതിൽ ങകാരം കാണായ്കയാൽ ആദ്യത്തിൽ ധാതു ഒട് എന്നു മാത്രമായിരുന്നിരിക്കണം എന്നു പറയേണ്ടിവരുന്നു.

ഇതിനും പുറമേ ഏകമാത്രകധാതുക്കൾക്കാണ് 99-ആം സൂത്രത്തിൽ വ്യത്യസ്തം പറഞ്ഞിട്ടുള്ളത്. സൂത്രത്തിൽ കറടാന്തങ്ങളെ മാത്രമേ എടുത്തിട്ടുള്ളു. അതിലും അടുത്ത സൂത്രത്തിലും യുക്തി പറഞ്ഞകൂട്ടത്തിൽ കകാരാന്തത്തിനു വ്യത്യസ്തം വരാൻ ഒരു സമാധാനവും ഉണ്ടായില്ല. പച് — പച്ച; മിച് — മിച്ചം ഇത്യാദികൾ നോക്കുമ്പോൾ കറടാന്തങ്ങൾ മാത്രമല്ല, ചകാരാന്താദികളും ഈ വിധത്തിൽ ഉണ്ടായിരുന്നിരിക്കാം. ഈ വ്യത്യസ്തങ്ങളുടെ കൂട്ടത്തിൽ ടകാരറകാരാന്തങ്ങൾ മാത്രം ഖിലങ്ങളാകാതെ നില്ക്കുന്നുണ്ട്. വിട് — വിടുന്നു, വിടും; പെറ് — പെറുന്നു, പെറ്റു, പെറും ഇത്യാദി. ഇതുകൾക്കു വിശേഷവിധികൂടാതെതന്നെ സന്ധികാര്യംകൊണ്ട് വിട് + തു = വിട്ടു, പെറ് + തു = പെറ്തു = പെറ്റു എന്നു സാധാരണരൂപം വരാവുന്നതുമാണ്. അതിനാൽ വ്യത്യസ്തത്തിൽ ഉൾപ്പെടാത്തതുകൊണ്ടുതന്നെ ആയിരിക്കണം അതുകൾ ഖിലങ്ങളായിപ്പോകാത്തത് എന്നു കല്പിക്കാൻ മാർഗ്ഗം കിട്ടുന്നു.

ഈവക തെളിവുകൾ എന്തൂഹത്തിലേക്കാണു നമ്മെ നയിക്കുന്നത്? പണ്ട് ധാതുക്കൾ ഏകമാത്രകങ്ങളായിരുന്നു; ഇപ്പോൾ അവ വ്യത്യസ്തങ്ങളുടെ കൂട്ടത്തിൽ ആയിപ്പോയി. സന്ധിപ്രകരണത്തിൽ 18-ആം സൂത്രത്തിൽ “പദമില്ലൊറ്റമാത്രയിൽ” എന്നു സ്ഥാപിച്ചിട്ടുണ്ടല്ലോ. ആ യുക്തിതന്നെ കാലക്രമത്തിൽ പ്രകൃതികളിലുംകൂടി പ്രവർത്തിപ്പിച്ചിരിക്കണം.

രണ്ടാമത് — ശുദ്ധഭേദകങ്ങളെല്ലാം പ്രകൃതിരൂപങ്ങളാണല്ലോ. അതുകളെ സമാസമായിട്ടേ ഉപയോഗിക്കാറുള്ളൂ; പിരിച്ചു പ്രയോഗിക്കയാണെങ്കിൽ അതുകൾക്ക് പേരെച്ചത്തിനുള്ള രൂപം വേണം. ഇതിൽനിന്ന് ഒരു സാമാന്യവിധി ഊഹിക്കരുതോ? ഏതുജാതി പദമായാലും സ്വതന്ത്രമായി പ്രയോഗിക്കുമ്പോൾ പ്രസ്തുതമായ പ്രകൃതി നാമമോ കൃതിയോ ഭേദകമോ ആയി പരിണമിച്ചിരിക്കുന്നു എന്നു കാണിക്കാനായിട്ട് അതിൽ പ്രക്രിയാവിശേഷണം ചെയ്യണം. ആ പ്രക്രിയ ആയിരിക്കാം വിവർത്തനപ്രക്രിയ. മൂലഭൂതമായ പ്രകൃതി അവ്യാകൃതമാണ്; അതു നാമമോ കൃതിയോ ഭേദകമോ ആയി പരിണമിക്കണമെങ്കിൽ അതിൽ ചില വികാരങ്ങൾ വരണം. “നാമാദിയാം വിഭാഗത്തിന്നെല്ലാമർത്ഥം നിയാമകം” (സൂത്രം 33) എന്നു ശബ്ദവിഭാഗത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക. തമിഴിലെ ശബ്ദവിഭാഗത്തിൽ ചെമ്മ, ചെറുമ എന്നു മ ചേർന്നിട്ടുള്ള രൂപംതന്നെയാണ് ഉരിച്ചൊൽ (ഭേദകം) എന്നു കല്പിക്കപ്പെട്ടിരിക്കുന്നത്. ചെങ്കനൽ, ചെറുപയറ് എന്ന സമാസത്തിലാകട്ടെ മ ലോപിച്ചു എന്നു പറയുന്നതുപോലും ശരിയല്ല; അതു തനിയേ നീങ്ങിപ്പോയിരിക്കുന്നു എന്നുവേണം പറവാൻ. ഇങ്ങനെയാണ് ഭവനന്ദിയുടെ അഭിപ്രായം. ഈ മാതിരിക്കല്പനചെയ്യാനുള്ള യുക്തിയും നമ്മുടെ സിദ്ധാന്തത്തിന് അനുഗുണമായിരിക്കുന്നു.

മൂന്നാമത് — സംസ്കൃതത്തിൽ ധാതുക്കളെല്ലാം ഏകാക്ഷരങ്ങളാണ്. അതുകളെ ദ്രാവിഡത്തിൽ എടുക്കുമ്പോൾ അന്ത്യവ്യഞ്ജനത്തിൽ ഇകാരം ചേർത്ത് ദ്വ്യക്ഷരങ്ങളാക്കാറുണ്ട്. വദ് = വദി; ഹസ് = ഹസി; പച് = പചി. സ്വന്തശബ്ദങ്ങളിലും നാമത്തെ ധാതുവാക്കുന്നതിനും, ധാതുക്കളിൽത്തന്നെ കേവലത്തെ പ്രയോജകമാക്കുന്നതിനും ഈ ഇകാരത്തെത്തന്നെ പ്രത്യയ

മാക്കിച്ചേർക്കുന്നു. കൽ = കല്ലിക്കുന്നു; ഒന്ന് = ഒന്നിക്കുന്നു; വിട് = വിടുവിക്കുന്നു; കൺ = കാണിക്കുന്നു. തെലുങ്കിലും കർണ്ണാടകത്തിലും ധാതുക്കളെല്ലാം സ്വരത്തിലവസാനിക്കണം എന്നു നിർബ്ബന്ധമായിത്തീർന്നിരിക്കുന്നു. സ്വരാന്തമായാൽ ധാതുവിനു രൂപനിഷ്പത്തിയിൽ സൗകര്യമുണ്ടാകും. അതിനാൽ ഇപ്പോൾ അനേകാക്ഷരങ്ങളായിക്കാണുന്ന ധാതുക്കളിലെ അന്ത്യസ്വരം രൂപനിഷ്പത്തിക്കുവേണ്ടിച്ചേർത്തതായിരിക്കണം. അങ്ങനെയുള്ള അന്ത്യസ്വരം ചിലെടത്ത് ഓരോ ഭാഷയിലും ഓരോന്നായി കാണുന്നത് നമ്മുടെ ഊഹത്തിന് ഉപഷ്ടംഭകവുമാണ്. തമിഴ് മലയാളം — നട; പ്രാചീനകർണ്ണാടകം — നടി; നവീനകർണ്ണാടകം — നടെ; തെലുങ്കു — നടു; സഞ്ചാരാർത്ഥകമായ നടക്കുക എന്നതിന്റെ വേഷഭേദമാണിതെല്ലാം. ഇതിൽ അന്ത്യസ്വരം വേഷവും, നട് എന്ന ഏകാക്ഷരം ശരീരവും എന്നു തെളിയുന്നു.

നാലാമത് — നല്ല, നല്ല, നലം എന്നു പലജാതി പദങ്ങളിലും നൽ എന്ന അംശം തുല്യമായിക്കാണുകയാൽ ആവകപ്പദങ്ങൾക്കെല്ലാം അതു പ്രകൃതിയാണെന്നു നാം കല്പിക്കുന്നു. അതുപോലെ (1) വിടുക, വിടിരുക, വെടിയുക, വെട്ടുക, വിള്ളുക, വെടിക്ക; (2) തിരുകുക, തിരിയുക, തിരിക്കുക, തിരുമ്പുക, തെരിയുക, തിരുത്തുക; (3) വറ്റുക, വറുക്കുക, വറളുക; (4) ചൂഴുക, ചുഴിയുക, ചുഴലുക; (5) വഴുക, വഴുതുക, വഴുകുക എന്നിങ്ങനെ ഒരേ ജാതി (ധാതു)പ്പദങ്ങളിൽത്തന്നെ അല്പാല്പമായ അർത്ഥവ്യത്യാസത്തോടുകൂടെ അനേകം സംഘങ്ങൾ കാണുന്നുണ്ട്. ഇവയുടെ അർത്ഥത്തിൽ സാമാന്യവിശേഷഭാവം സ്പഷ്ടമാണ്. ഇവ മുറയ്ക്ക് (1) വിശ്ലേഷം, (2) പ്രതിനിവർത്തനം, (3) ജലാംശത്യാഗം, (4) ഭ്രമണം, (5) സ്ഖലനം എന്നീ സാമാന്യക്രിയകളുടെ വിശേഷണങ്ങളാകുന്നു. ഈ സാമാന്യാർത്ഥം കുറിക്കുന്നഭാഗം (1) വിട്, (2) തിർ, (3) വർ, (4) ചുഴ്, (5) വഴ് എന്ന് ഏകാക്ഷര പ്രകൃതികളുമാണ്. അതിനാൽ സാമാന്യമായ അർത്ഥത്തെ വിശേഷീകരിക്കാൻവേണ്ടിയും ധാതുക്കളെ നീട്ടാറുണ്ടെന്നുവരുന്നു.

രൂപനിഷ്പാദത്തിനുള്ള സൗകര്യത്തിനോ പൊതുവായി നില്ക്കുന്ന അർത്ഥത്തെ വിശേഷപ്പെടുത്താനോവേണ്ടി ഏകാക്ഷരാത്മകമായ മൂലപ്രകൃതിയിൽ ചെയ്യുന്ന വികാരങ്ങൾക്കാണ് വിവർത്തനപ്രക്രിയ എന്നുപേർചെയ്യുന്നത്. അതിന്റെ സ്വരൂപം എന്തെന്നാൽ, 42.

189. ദ്വിത്വം, ദൈർഘ്യം, പ്രത്യയത്തിൻ
യോഗവുംതാൻ വിവർത്തനം.

മൂലപ്രകൃതി വ്യഞ്ജനാന്തമാണെങ്കിൽ അതിനെ ഇരട്ടിക്ക, അതിലുള്ള ഹ്രസ്വസ്വരത്തെ നീട്ടുക, പലമാതിരി പ്രത്യയങ്ങളെ ചേർക്കുക ഇതാകുന്നു വിവർത്തനം: പ്രത്യയം എന്തെല്ലാമെന്നുവെച്ചാൽ,

190. പ്രത്യയം സ്വരമോ ചില്ലോ
ഖരമോ ചേർച്ചപോലെയാം;
ഹ്രസ്വംതാൻ സ്വരവർഗ്ഗത്തിൽ;
ചില്ലോ രേഫലളങ്ങളാം;
ഖരങ്ങൾ തനിയെ നില്ക്കാം

സാനുനാസികമായുമാം.

സ്വരം, ചില്ല്, ഖരം ഈ വർണ്ണങ്ങളാണ് വിവർത്തനപ്രത്യയങ്ങളായി വരുന്നത്. അതിൽ സ്വരങ്ങളിൽ അ, ഇ, ഉ എന്ന ഹ്രസ്വങ്ങൾ മാത്രമേ കാണൂ. ചില്ലുകളിൽ ര-ല-ള എന്നും മൂന്നെണ്ണം പ്രധാനം; എന്നാൽ അതുകൾ നേരേ പ്രകൃതിയിൽ ചേരാത്തതിനാൽ ആദിയിൽ സ്വരം ചേർത്ത് അർ, അൽ, അൾ എന്ന മട്ടിൽ വേണം. ഖരങ്ങൾ ക്, ച്, ട്, ത്, പ്, റ് എന്നു കേവലമായിട്ടോ ങ്ക്, ഞ്ച്, ണ്ട്, ന്ത്, മ്പ്, ൻറ് (= ന്റ്) എന്ന് അനുനാസികം ചേർന്നോ ആകാം. ഉദാ:

| | |
|---|---|
| ദ്വിത്വത്തിന്: | വറ് — വറ്റുന്നു; തള് — തള്ളുന്നു; പൊട് — പൊട്ടുന്നു. |
| ദീർഘത്തിന്: | മറ് — മാറുന്നു; നറ് — നാറുന്നു; പുക് — പൂകുന്നു; തങ് — താങ്ങുന്നു. |
| സ്വരത്തിന്, അ: | പറ് — പറക്കുന്നു; നട് — നടക്കുന്നു; ചെം — ചെമക്കുന്നു. |
| സ്വരത്തിന്, ഇ: | പട് — പടിയുന്നു; തുറ് — തുറിക്കുന്നു. |
| സ്വരത്തിന്, ഉ: | കറ് — കറുക്കുന്നു; വെള് — വെളുക്കുന്നു. |
| ഖരത്തിന്, ക്: | പെര് — പെരുകുന്നു; പഴ് — പഴകുന്നു. |
| ഖരത്തിന്, ച്: | വീ — വീശുന്നു (?); മി — മിച്ചം. |
| ഖരത്തിന്, ട്: | പിശ — പിശടുന്നു: ഞെരി — ഞെരിടുന്നു |
| ഖരത്തിന്, ത്: | പൊര് — പൊരുതുന്നു; എഴ് — എഴുതുന്നു. |
| ഖരത്തിന്, പ്: | അൻ — അൻപുന്നു. |
| ഖരത്തിന്, റ്: | വിത — വിതറുന്നു; ചിത — ചിതറുന്നു; |

| | |
|---|---|
| സാനുനാസികഖരത്തിന്, ങ്ക്: | ഒടു — ഒടുങ്ങുന്നു; മുട — മുടങ്ങുന്നു. |
| സാനുനാസികഖരത്തിന്, ഞ്ച്: | ഉറി — ഉറിഞ്ചുന്നു |
| സാനുനാസികഖരത്തിന്, ണ്ട്: | ചുര — ചുരണ്ടുന്നു; പര — പരണ്ടുന്നു; |
| സാനുനാസികഖരത്തിന്, ന്ത്(ന്ന്): | മുട — മുടന്തുന്നു; പൊരു — പൊരുന്തു(ന്നു). |
| സാനുനാസികഖരത്തിന്, മ്പ് — തുളു: | തുളുമ്പുന്നു; തേ — തേമ്പുന്നു; കെടു — കെടുമ്പുന്നു. |

മേൽക്കാണിച്ച ഉദാഹരണങ്ങളെല്ലാം ധാതുക്കൾ നീളുന്നതിനുള്ളതാകുന്നു; നാമഭേദകങ്ങളുടെ പ്രകൃതികൾ നീളുന്നതിനും പ്രക്രിയ ഇതുതന്നെ. നാമാദികളായിപ്പിരിയുന്നത് കേവലം അർത്ഥത്തെ ആശ്രയിച്ചുമാത്രമേ ഉള്ളുവെന്നു ശബ്ദവിഭാഗത്തിൽത്തന്നെ ഉപന്യസിച്ചിട്ടുണ്ട്. പ്രകൃതികളിൽ എണ്ണമധികം കൃതിജാതിയിൽ ഉൾപ്പെട്ടവയാണെന്നുമാത്രമേ വിശേഷമുള്ളൂ. എന്നാൽ ചിലേടത്തു രൂപനിഷ്പത്തിക്കു മുൻപ് ഒരു പ്രകൃതി ഏതുജാതിയിൽ ചേർന്നതെന്നു തീർച്ചപ്പെടുത്തുന്നതിനുതന്നെ മാർഗ്ഗമില്ല. അതിനാൽ വിവർത്തനപ്രക്രിയയ്ക്കു മുൻപ് പ്രകൃതിക്കു ജാതിഭേദം ആലോചിച്ചിട്ടേ ആവശ്യമില്ല. മുട്ട വിരിഞ്ഞ് പൂട മുളച്ചു കുട്ടി കുവിത്തുടങ്ങിയതിനു മേലേ കാക്കയോ കുയിലോ എന്നു തിട്ടപ്പെട്ടൂ. എങ്കിലും നാമഭേദകങ്ങളുടെ പ്രകൃതി നീളുന്നതിനും ഏതാനും ഉദാഹരണങ്ങൾ കാണിക്കാം.

| നാമം | | ഭേദകം | |
|---|---|---|---|
| തൊട്ടി — തൊട്ടിൽ | തുരു — തുരുമ്പ് | നാൽ — നാങ്ക് | തൊൾ — തൊണ്ട് |
| നാര് — നരമ്പ് | തരി — തരിമ്പ് | ചെം — ചെമ്പ് | കരു — കരി, കാർ |

പെൺ — പെട  കുഴ — കുഴി, കുഴൽ  നൽ — നൻറി = നന്നി (നന്ദി)  മൂ — മൂൻറ്, മൂന്നു

ഇനി ശബ്ദവ്യൽപ്പത്തി ഊഹിക്കുന്നതിനുള്ള മാർഗ്ഗം കാട്ടുന്നതിനായി വിവർത്തനപ്രക്രിയ ഉളളിടത്തു് അതു ചെയ്തു മുറ്റുവിനയായിട്ടുപയോഗിക്കത്തക്ക നിലയിൽ വന്നിട്ടുള്ള ധാതുക്കളിൽനിന്നു ത്ഭവിച്ചിട്ടുള്ള ഏതാനും നാമങ്ങളെ ഉദാഹരിച്ചു കാണിക്കുന്നു:

| | ധാതു: | നാമം: | അർത്ഥം: |
|---|---|---|---|
| 1 | വിരി | വിരൽ | വിരിയുന്നതു് |
| 2 | പകു | പകൽ | ദിവസത്തെ പകുക്കുന്നതു് |
| 3 | കട | കടൽ | കടക്കാൻ വയ്യാത്തതു് |
| 4 | കുട | കുടൽ | കുടയുന്നതു് |
| 5 | ഉരുൾ | ഉരൾ | ഉരുളുന്നതു് |
| 6 | നില്ല് | നിലം | നില്ക്കുന്നതു് |
| 7 | നടു | നാട്ട് | നടുന്നതു് (കൃഷിയുള്ള) |
| 8 | വിൾ | വിൺ | വിളുങ്ങുന്നതു് |
| 9 | മിൻ | മീൻ | മിന്നുന്നതു് (നക്ഷത്രം) |
| 10 | വെൾ | വെള്ളി | വെളുത്തതു് |
| 11 | കുതി | കുതിര | കുതിക്കുന്നതു് |
| 12 | കാൺ | കണ്ണ് | കാണുന്നതു് |
| 13 | നക്ക് | നാക്ക് | നക്കുന്നതു് |
| 14 | ചെയ് | കൈയ് | ചെയ്യുന്നതു് |
| 15 | ഇറു | ഇറുമ്പ് | ഇറുക്കുന്നതു് |
| 16 | കൊയ് | കൊമ്പ് | കൊയ്യുന്നതു് |
| 17 | പായ് | പാമ്പ് | പായുന്നതു് |
| 18 | കോത് | കൊതുമ്പ് | കോതുന്നതു് |
| 19 | കൊൾ | കൊളമ്പ് | കൊള്ളുന്നതു് |
| 20 | ഇരി | ഇരിമ്പ് | ഇരിക്കുന്നതു് |
| 21 | കൊഴ | കൊഴമ്പ് | കൊഴക്കുന്നതു് |
| 22 | വിൾ | വിളുമ്പ് | വിള്ളുന്നതു് |
| 23 | കിഴ് | കിഴങ്ങ് | കിഴിയുന്നതു് |
| 24 | തണു | തണുങ്ങ് | തണുക്കുന്നതു് |
| 25 | തൾ | തണ്ട് | തള്ളുന്നതു് |
| 26 | ചുൾ | ചുണ്ട് | ചുള്ളുന്നതു് |
| 27 | മര് | മരുന്ന് | മരുവുന്നതു് |
| 28 | കൊഴ് | കൊഴുന്ത് | കൊഴുക്കുന്നതു് |
| 29 | ഉഴ് | ഊഴി | ഉഴുന്നതു് |

| | | | |
|---|---|---|---|
| 30 | ആഴ് | ആഴി | ആഴമുള്ളത് |
| 31 | കര് | കരി | കറുത്തത് |
| 32 | ചൂഴ് | ചുഴലി | ചൂഴുന്നത് |
| 33 | ചുട്ട് | ചുടലി | ചുടുന്നത് |
| 34 | പൊലി | പലിശ | പൊലിയുന്നത് |
| 35 | തൾ | തളിർ | തള്ളുന്നത് |
| 36 | കുൾ | കുളിർ | കുളുർമ്മയുള്ളത് |

നാമത്തിൽനിന്നു ധാതുവുണ്ടാക്കാനുള്ള സമ്പ്രദായം നാമധാതു പ്രകരണത്തിൽ വിവരിച്ചിട്ടുള്ളതു മതിയാകും.

191. ബാഹ്യാഭ്യന്തരഭേദത്താൽ
ശബ്ദം രണ്ടുവിധം വരും.

ശബ്ദങ്ങളെ ആഗമം പ്രമാണിച്ചു വിഭജിക്കുന്നപക്ഷം അവ ആഭ്യന്തരമെന്നും ബാഹ്യമെന്നും രണ്ടുവിധമുണ്ട്. മലയാളം ദ്രാവിഡകുടുംബത്തിൽ ജനിച്ച ഒരു ഭാഷയാകുന്നു; മലയാളമൊഴികെ ആ കുടുംബത്തിൽ തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു എന്നു നാലു പ്രധാന താവഴികൾ ഉണ്ട്. ഇവയിൽനിന്ന് എടുക്കുന്നവയായോ ഇവയ്ക്കു സമമായി തനിക്കു ലഭിച്ചിട്ടുള്ള കുടുംബസ്വത്തായോ ഉള്ള ശബ്ദങ്ങൾ ആഭ്യന്തരങ്ങൾ; ദ്രാവിഡകുടുംബത്തിനു പുറമെ ഉള്ള സംസ്കൃതം. ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, പോർട്ടുഗീസ്, പരന്തിരീസ്, പറങ്കി മുതലായ ഭാഷകളിൽനിന്നു ലഭിച്ചിട്ടുള്ളവ ബാഹ്യങ്ങൾ.

192. സ്വന്തം സാധാരണം ദേശ്യ —
മെന്നിഹാഭ്യന്തരം ത്രിധാ.

ആഭ്യന്തരം എന്ന വിഭാഗത്തിന് സ്വന്തം, സാധാരണം, ദേശ്യം എന്നു പിന്നീടും മൂന്ന് ഉൾപ്പിരിവുകൾ. ഇവയിൽ മറ്റു ദ്രാവിഡങ്ങളിൽ കാണാതെ മലയാളത്തിൽ മാത്രം നടപ്പുള്ള ശബ്ദങ്ങൾ സ്വന്തം; കുടുംബസ്വത്തായി എല്ലാറ്റിനും തുല്യമായുള്ളവ സാധാരണം; മലയാളത്തിൽത്തന്നെ ചില ദേശങ്ങളിൽ മാത്രം നടപ്പുള്ളവ ദേശ്യം.

193. ബാഹ്യം തത്ഭവമായിട്ടു
വരാം തത്സമമായുമാം.

ബാഹ്യം എന്ന വിഭാഗത്തിനും ഉൾപ്പിരിവുകൾ ഉണ്ട്. 1. തത്ഭവം, 2. തത്സമം എന്ന്. ഒരു കുടുംബത്തിൽ ജനിച്ച ആൾ മറ്റു കുടുംബത്തിലേക്കു പോകുന്നതു രണ്ടുവിധം വരാം. ഒന്നാമതു ദത്തായിട്ട്;

രണ്ടാമതു സഖ്യവും മറ്റുംകൊണ്ടു്. ഇവയിൽ ഒന്നാമതുപോലുള്ള വിജാതീയശബ്ദങ്ങളാണ് തത്ഭവങ്ങൾ; ദത്തുപുത്രന്റെ ഗോത്രം എങ്ങനെ പൗരാണികർ മാത്രമേ അറിയുവോ അങ്ങനെ തത്ഭവത്തിന്റെ ഉൽപ്പത്തി നിരുക്തകാരനേ സ്പഷ്ടമായിരിക്കൂ. അതിൽ നിന്നു ഭവിച്ചതു തത്ഭവം, അതിനോടു സമം തത്സമം എന്ന് സംജ്ഞകളും അന്വർത്ഥങ്ങളാകുന്നു. അതിനാൽ തത്ഭവങ്ങൾക്കു പല കാരണങ്ങളാൽ വളരെ വ്യത്യാസം വന്നിരിക്കും. തത്സമം രണ്ടു ഭാഷകളിലും തുല്യരൂപമായിത്തന്നെ ഇരിക്കും. ഈ ഭേദം സംസ്കൃതത്തിൽനിന്ന് എടുക്കുന്ന ശബ്ദങ്ങളിലാണ് അധികംകാണുന്നതു്. ഗാർത്തുവൈറ്റുസായിപ്പ് ഈ തത്ഭവതത്സമശബ്ദങ്ങളെ ഉപയോഗിക്കുന്നതു് ഇവിടെ വിവരിച്ച താൽപര്യത്തിൽത്തന്നെ ആണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും നാം ഈ ശബ്ദങ്ങൾക്കു കൊടുത്തിട്ടുള്ള അർത്ഥം തെലുങ്കുവൈയാകരണന്മാരുടെ അനുവാദപ്രകാരവും, ഇവയെ സൃഷ്ടിച്ച കാവ്യാദർശകർത്താവായ ദണ്ഡിയെ അനുസരിച്ചും ശബ്ദവ്യുൽപ്പത്തിയെ അവലംബിച്ചും ആകുന്നു.

### ശബ്ദം

1. ആഭ്യന്തരം
   - 1. സ്വന്തം
   - 2. സാധാരണം
   - 3. ദേശ്യം
2. ബാഹ്യം
   - 1. തത്സമം
   - 2. തത്ഭവം

### ആഭ്യന്തരം

ഉദാ:

സ്വന്തം: പനി (= ജ്വരം); മുണ്ടു് (= വസ്ത്രം); അണ്ടി, പോറ്റി, വേള (= കഴുത്തു്)

സാധാരണം: മഴ, മാടം, വടി; പണം (തമിഴ്, കർണ്ണാടകം) ഗഡു (ക. തു. തെ) കവടി (ത., ക., തു.) ചിപ്പി (ത, ക, തെ)

ദേശ്യം: അപ്പ, താപ്പ, തൊഴുത്തു്, പൊററ, കരിക്കുറ, കരിങ്കണ്ണി, കരിങ്കന്നൽ.

| ബാഹ്യം | | | | | | |
|---|---|---|---|---|---|---|
| തത്ഭവം | | | | തത്സമം | | |
| പ്രകൃതി | വികൃതി | പ്രകൃതി | വികൃതി | പ്രകൃതിവികൃതി ഭേദമില്ല | | |
| ശാസ്താ | ചാത്തൻ | പല്യങ്കം | പല്ലക്കു് | സുഖം | ആയുസ്സ് | |
| ശ്രാദ്ധം | ചാത്തം | യുഗം | നുകം | ദുഃഖം | മനസ്സ് | |
| ശങ്ഖം | ചങ്ക്, ശംഖ് | പക്ഷം | പക്കം | സന്തോഷം | വിരോധം | |
| ഭാണ്ഡാഗാരം | പണ്ടാരം | കുന്തളം | കുന്തൽ | വിരഹം | | |
| ഭാണ്ഡാഗാരം | ഭണ്ഡാരം | Lantern | റാന്തൽ | വേദന | ക്ലാസ്സ് | ഇംഗ്ലീഷ് |
| കൃഷ്ണൻ | കണ്ണൻ | Collector | കൽക്കട്ടർ | വിശ്വാസം | സ്ലേറ്റ് | ഇംഗ്ലീഷ് |
| സീതാ | ചീരുത | Judge | ജഡ്ജി | സമ്പത്തു് | | |
| സുബ്രഹ്മണ്യൻ | ചുപ്പൻ, മണിയൻ | Heating | ഈരങ്കി | ആപത്തു് | ജൽദി–പെർഷ്യൻ | |
| ഘനം | കനം | Report | റെപ്പട്ടു് | പ്രയാസം | | |

(പട്ടിക തുടരും …)

| പ്രകൃതി | വികൃതി | പ്രകൃതി | വികൃതി | പ്രകൃതിവികൃതി ഭേദമില്ല |
|---|---|---|---|---|
| ക്ഷാരം | ചാരം | Record | റിക്കാർട്ട് | വിശ്രമം |
| ദ്രോണി | തോണി | Hospital | ആസ്പത്രി | വിചാരം |
| സന്ധ്യാ | അന്തി | Apothecary | അപ്പോത്തിക്കിരി | സഭ |
| ഉപാദ്ധ്യായർ | വാദ്ധ്യാർ | Engineer | ഇഞ്ചിനീയർ | ആലോചന |
| രാജാ | അരചൻ | Superintendent | സൂപ്രേണ്ട് | രാജാ |
| രുധിരം | ഉതിരം | Cinzel (Port.) | ചിന്തേർ | മന്ത്രി |
| ദ്യൂതം | ചൂത് | Frank | പറങ്കി | പ്രജ |
| നാഡി | നാഴി | | | ധനം |
| ശ്രേണി | ഏണി | | | ദാരിദ്ര്യം |
| ഹിതം | ഇതം | | | സ്നേഹം |
| പിശാചം | പേ | | | ദയ |
| | | | | ജീവൻ |

തത്ഭവമായിട്ടോ തത്സമമായിട്ടോ സംസ്കൃതത്തിൽ നിന്നു നാമങ്ങളെ എടുക്കുമ്പോൾ അതു് കേവലപ്രാതിപദികരൂപത്തിലോ വിഭക്ത്യന്തപദരൂപത്തിലോ വേണ്ടതെന്ന് സംശയം വരാം. അതിൽ തീർച്ചചെയ്യുന്നു:

194. സംസ്കൃതപ്രഥമാരൂപം
നാമപ്രകൃതി ഭാഷയിൽ.
ദീർഘാന്തം ഹ്രസ്വമാക്കേണ-
മനേകാക്ഷരമാവുകിൽ

സംസ്കൃതത്തിൽ പ്രഥമൈകവചനത്തിലെ രൂപമാണ് മലയാളത്തിൽ പ്രകൃതിസ്ഥാനം വഹിക്കുന്നതു്. ഭാഷയിൽ പ്രകൃതിസ്വരൂപംതന്നെയാണ് പ്രഥമ; അതിനു പ്രത്യേകിച്ച് പ്രത്യയവും മറ്റും ആവശ്യമില്ല. സംസ്കൃതത്തിൽ പ്രാതിപദികരൂപവും പദവും വെവ്വേറെ ആണെങ്കിൽ അതു നമുക്കുനോക്കീട്ടു കാര്യമില്ല. ഭാഷയിലെ നടപ്പനുസരിച്ച് പ്രഥമൈകവചനരൂപത്തെ പ്രകൃതിയായി സ്വീകരിക്കണം. ദീർഘാന്തശബ്ദങ്ങൾ ഭാഷയിൽ ഏറെ നടപ്പില്ലാത്തതുകൊണ്ട് അതുകളെ കുറുക്കണം. എന്നാൽ ഏകമാത്രകശബ്ദം അനിഷ്ടമാകയാൽ ഏകാക്ഷരപദങ്ങളെ ഹ്രസ്വമാക്കയും അരുതു്. ദീർഘം അത്യാവശ്യമെന്നു വരുന്നപക്ഷം ഭാഷാനിയമമനുസരിച്ച് യകാരവകാരങ്ങളെ ഒടുവിൽ ചേർത്തുകൊള്ളുക. ഉദാ:

| | | | |
|---|---|---|---|
| പിതൃ: | പിതാ | = പിതാവു്, | പിതാവിനെ |
| മധുലിഹ്: | മധുലിട്ട് | = മധുലിട്ട്, | മധുലിട്ടിനെ |
| ഗിര്: | ഗീഃ | = ഗീരു്, | ഗീരിനെ |
| രാജൻ: | രാജാ | = രാജാവു്, | രാജാവിനെ |
| ശശിൻ: | ശശീ | = ശശി, | ശശിയെ |
| കർമ്മൻ: | കർമ്മ | = കർമ്മം, | കർമ്മത്തിനെ |

| | | | |
|---|---|---|---|
| സംസദ്: | സംസത്ത് | = സംസത്ത്, | സംസത്തിനെ |
| മഹത്: | മഹാൻ | = മഹാൻ, | മഹാനെ |
| വാച്: | വാക് | = വാക്ക്, | വാക്കിനെ |
| ദിശ്: | ദിക് | = ദിക്ക്, | ദിക്കിനെ |
| ദ്വിഷ്: | ദ്വിട്ട് | = ദ്വിട്ട്, | ദ്വിട്ടിനെ |
| വേധസ്: | വേധാഃ | = വേധാവ്, | വേധാവിനെ |
| വിദ്വസ്: | വിദ്വാൻ | = വിദ്വാൻ, | വിദ്വാനെ. |

1 # പരിശിഷ്ടം